# കംപ്യൂട്ടറിലെ കാവ്യം

# സെന്റ്
# സേവിയേഴ്സ്
# ഹൈസ്കൂൾ ചെവ്വൂർ



കമ്പ്യൂട്ടർ സാങ്കേതിക വിദ്യയി
ലെ പുത്തൻ നാമ്പുകൾക്ക് എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ

ഹെഡ്മാസ്റ്റർ

ടി.എ ജോസഫ് മാസ്റ്റർ



# ഉള്ളടക്കം

എഡിറ്റോറിയൽ.....................8

മൂല്യങ്ങൾ മനുഷ്യന്.................9

ഗുരുമൊഴി ..........................11

ലേഖനം വനസംരക്ഷണം......12

വിദ്യാഭ്യാസവും സംസ്കാരവും ..14

ചിത്രരചന ..........................15

കവിത..................................16

കഥ......................................18

കഥ......................................20

കവിത..................................23

കടപ്പാട്...............................25

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

ബിന്ദു ജോർജ്ജ് (ടീച്ചർ)

പാർവതി (ടീച്ചർ)

ജോസഫ് ടി.എ (ഹെഡ്മാസ്റ്റർ)

ആൽബർട്ട് ബാബു

അജയ് പവൻ കെ.ജി.

പ്രത്യുഷ് കെ.പി

ക്ലിൻസ് കൊച്ചുമാത്യു

ദിൽജിത്ത് ടി.എ

അശ്വിൻ കൃഷ്ണ കെ.എസ്

ക്രൈസ്വിൻ എ.വി

ജീസിവിൻ.എ.വി

പ്രജ്ജ്വൽ എം.വി

ജിനോ സി.ജെ

മെൽബിൻ മനോജ്

വിഷ്ണു കെ വിനയൻ

ഹരിണി ടി.എ



# ഇവർ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



സർഗ്ഗാത്മകതയുടെ പുതിയ മേച്ചിൽപ്പുറങ്ങൾ തേടുന്ന പുതുതലമുറയ്ക്ക് ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ഈ മാഗസിൻ ഒരു പ്രചോദനമാകട്ടെയെന്ന് ആഗ്രഹിക്കുകയാണ്. ഇതിലെ ഓരോ താളുകളും നമ്മുടെ വിദ്യാലയത്തിന്റെ സ്പന്ദനങ്ങളാണ്. മേഘങ്ങൾക്കും മീതെ ഉയർന്നുപൊങ്ങുവാൻ ആഗ്രഹിക്കുന്ന കുറെ മനസ്സുകളുടെ പ്രതീക്ഷയാണ് ഈ മാഗസിൻ. ഇതിന്റെ അണിയറശില്പികൾക്കും എല്ലാ അക്ഷരമനസ്സുകൾക്കും ലിറ്റിൽ കൈറ്റ് അംഗങ്ങൾക്കും ഒരായിരം നന്ദിയോടെ............

ബിന്ദു ജോർജ്

കൈറ്റ് മിസ്ട്രസ്.

# എഡിറ്റോറിയൽ



ഈ വർഷം 77-)0 പിറന്നാൾ ആഘോഷിച്ച ചെവ്വൂർ ഗ്രാമത്തിന്റെ നിറസാന്നിധ്യമായി പ്രവർത്തിച്ചുവരുന്ന സെന്റ് സേവിയേഴ്സ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ കംപ്യൂട്ടറിലെ കാവ്യം എന്ന ഡിജിറ്റൽ മാഗസിൻ ഒരു നല്ല നാളേക്കയു വേണ്ടിയുള്ള തുടക്കമാകട്ടെ.  ശുഭാപ്തി വിശ്വാസത്തിന്റെ പടവുകൾ ഓടി കയറി അറിവിന്റെ താളക്രമത്തിൽ ജീവിതം രൂപപ്പെടുത്തിയ ഒരു കൊച്ചുതലമുറയെ ഈ മാഗസിനിൽ ദർശിക്കാം.

ചെവ്വൂരിന്റെ വളരുന്ന തലമുറക്കായി "സൈസൈ" ഈ മാഗസിന് കഴിയട്ടെ എന്നാശംസിച്ചുകൊണ്ട്

ചീഫ് എഡിറ്റർ

അജയ് പവൻ

9 A

## മൂല്യങ്ങൾ മനുഷ്യന്



മൂല്യങ്ങൾ ദൈനംദിന ജീവിതത്തിൽ കാത്തിരിക്കുന്ന,നാം കാത്തിരിക്കുന്ന ജീവിതത്തിൽ ഒരു പ്രധാന ഘടകമാണ്. അപ്പോൾ എന്താണ് മൂല്യം?. സ്വഭാവികമായ ചോദ്യം! ഓരോ മനുഷ്യനെയും അവന്റെ, കർമ്മപഥത്തിൽ അവനാഗ്രഹിക്കുന്ന രീതിയിൽ വിജയികളായിത്തീരാൻ സഹായിക്കുന്നതെന്തോ അതാണ് മൂല്യം. എത്രത്തോളം മൂല്യാധിഷ്ഠിത ജീവിതമാണോ നയിക്കുന്നത് അത്രത്തോളം ഓരോ മനുഷ്യനും മഹത് വ്യക്തികളായിത്തീരുന്നു.

ഇപ്രകാരം ലോകപ്രശസ്തരായ വ്യക്തികളെല്ലാം തന്നെ ഒരുപിടി ജീവിതമൂല്യങ്ങൾ തങ്ങളുടെ കർമ്മപഥത്തിൽ അനുഷ്ഠിച്ചതിന്റെ ഫലമാണ് അവർ നേടിയ വിജയങ്ങൾ. ആയതിനാൽ വിദ്യാർത്ഥികൾക്ക് വേണ്ട വിധം മൂല്യബോധം വളർത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

മൂല്യങ്ങളിൽ ഉറച്ച വിശ്വാസമാണ് വേണ്ടത്. അതിനാൽ ത്യാഗ ബുദ്ധിയോടെ ഏവരും മൂല്യങ്ങൾക്കു വേണ്ടി നിലകൊള്ളുക. ലക്ഷ്യം നമ്മെ മുന്നോട്ട് നയിക്കട്ടെ! കർമ്മ മാർഗങ്ങൾ ഫലമണിയട്ടെ! ഏവർക്കും മൂല്യങ്ങൾ ജീവിത വിജയം സമ്മാനിക്കട്ടെ.

ആശംസകളോടെ

ലിറ്റിൽ കൈറ്റ്സ്

മിസ്ട്രസ്:

പാർവതി പി.വി.

നാടിന്റെ വിദ്യാഭ്യാസ നിലവാരത്തിന്റെ സൂചികയായി സാക്ഷരത കണക്കാക്കപ്പെടുന്നു. ഐ.ടി സാക്ഷരത ,കമ്പ്യൂട്ടർ സാക്ഷരത, പരിസ്ഥിതി സാക്ഷരത ഉൾപ്പെടെ നൂറിലധികം സാക്ഷരത ഇന്നു നിലവിലുണ്ട്. അതുകൊണ്ട് വിദ്യാഭ്യാസമെന്നതു വെറുതെയൊന്നല്ലെന്നും ഇക്കാലത്തെ സമൂഹത്തിൽ വളരെ പ്രധാനപ്പെട്ടതും പ്രസക്തിയുള്ളതുമാണെന്ന് നാം തിരിച്ചറിയണം

അജയ് പവൻ കെ.ജി

9A

## കഴിഞ്ഞതെല്ലാം മറന്നേക്കുക

ഒരു പുതിയ വർഷം ദൈവം നമ്മുക്കായി നൽകിയിരിക്കുന്നു. കഴിഞ്ഞത് എന്തു തന്നെയായാലും അതെല്ലാം മറന്ന് പുതിയൊരു വ്യക്തിയായി തീരാം.

പുതിയ വർഷത്തിൽ നമുക്ക് പുതിയ തീരുമാനങ്ങൾ എടുത്ത് മുന്നേറാം. ആരംഭിച്ചാൽ മാത്രം പോരാ.അതു തുടരുകയും വേണം. ആരെ കണ്ടാലും ഒന്നു പുഞ്ചിരിക്കാമല്ലോ? മറ്റുള്ളവർ തിരിച്ചു പുഞ്ചിരി തരാത്ത പല സന്ദർഭങ്ങളും ഉണ്ടാകാം. അത് കാര്യമാക്കേണ്ട. അത് അവരുടെ സംസ്കാരമാണ്.

ഓരോ പുതിയ ദിനം തുടങ്ങുമ്പോഴും ദൈവചൈതന്യം മനസ്സിൽ നിറയാൻ പ്രാർത്ഥിക്കാം. നമ്മെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന ഈശ്വരന്റെ കരങ്ങളിലേക്ക് നമ്മുടെ ജീവിതത്തെ പൂർണ്ണമായി സമർപ്പിക്കാം. മറ്റുള്ളവർക്കു ഉപകാരപ്രദവും പ്രചോദന പരവുമായ വാക്കുകൾ മാത്രം ഉപയോഗിക്കുക. ചീത്ത വാക്കുകൾ പറയുന്നവരുടെ ഹൃദയത്തിൽ അശുദ്ധി നിറഞ്ഞിരിക്കും. നിരന്തരമായ പരിശ്രമത്തിലൂടെ അത് മാറ്റിയെടുക്കാം. ചീത്ത വാക്കുകൾ മറ്റുള്ളവരുടെ വിശുദ്ധി പോലും കളയും. സംസ്കാരശൂന്യമായ വാക്കുകൾ ഒരിക്കലും ഉപയോഗക്കരുത്.

അയൽപക്ക ബന്ധങ്ങൾ വളർത്തിയെടുക്കുക. സംഘടനകളിലും പൊതു പ്രവർത്തനങ്ങളിലും പങ്കാളികളാകുക. ഒരുപാട് കഴിവുകൾ നമുക്ക് ഒരോരുത്തർക്കും ദൈവം നൽകിയിട്ടുണ്ട്. അത് സമൂഹത്തിന് പ്രയോജനപ്പെടുത്തി സമൂഹത്തെ ഉയർത്തുക, ഉണർത്തുക. എല്ലാ കടമകളും ഉത്തരവാദിത്വത്തോടെ ചെയ്യുക.

മെറീന ടീച്ചർ

ആദിമ മനുഷ്യന്റെ ആവാസ ഭൂമിയായിരുന്നു കാട് ; അതായത് നമ്മുടെയെല്ലാം പ്രപിതാമഹന്മാരുടെ ജന്മഭൂമിയും കർമ്മഭൂമിയും. കാലന്തരത്തിൽ മനുഷ്യൻ പുരോഗതിയിലേക്ക് പ്രയാണം ചെയ്യാനാരംഭിച്ചു. കാടുകൾ നാടുകളായി. കൃഷിക്കും വാസസ്ഥല - ങ്ങൾക്കും വേണ്ടിയാണ് ആദ്യഘട്ടങ്ങളിൽ വനനശീകരണം നടന്നതെങ്കിൽ പിന്നീട് അത് ചൂഷണത്തിന്റെ ഉപാധിയായി മാറി. അതൊരു വൻ ദുരന്തത്തിന്റെ ആരംഭമായിരുന്നു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടങ്ങളിൽ കേരളത്തിൽ മാത്രം എഴുപത്തിയഞ്ച് ശതമാ - നത്തോളം വനഭൂമിയുണ്ടായിരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ ഇത് ഇരുപതാം നൂറ്റാണ്ടായപ്പോഴേക്കും അമ്പ - തു ശതമാനമായി കുറഞ്ഞു. ഈ നില ആശാവഹമല്ല. ഈ കാല- ഘട്ടങ്ങളിലാണെങ്കിൽ വനഭൂമി കയ്യേറ്റവും നശീകരണവും വളരെ ഉയർന്ന തോതിലാണ് നടക്കുന്നത് . വൃക്ഷസമ്പത്തിനു വേണ്ടി - യും ജീവസമ്പത്തിനു വേണ്ടിയും നടക്കുന്ന അതിക്രമങ്ങൾ ഭൂമിയുടെ നിലനിൽപ്പിനു തന്നെ ഭീഷണിയാണ്. വനം ഇല്ലാതാകുമ്പോൾ , ഇല്ലാതാകുന്നത് അതുമായി ബന്ധപ്പെട്ട ഒരു ആവാസവ്യവസ്ഥ കൂടിയാണ്. അത് കാലക്രമത്തിൽ മനുഷ്യനെ- യും ബാധിക്കാതെ വയ്യ.

കാടിനെ ആശ്രയിച്ചു ജീവിച്ചിരുന്ന എല്ലാ മനുഷ്യരും ഇന്ന് നഗരവാസികളായിട്ടില്ല.ഒട്ടേറെ ആദിവാ- സി വിഭാഗങ്ങൾ അതിനെ മാതൃതുല്യം ആരാധിക്കുകയും ആശ്ര- യിക്കുകയും ചെയ്യുന്നുണ്ട്. വനനശീകരണം അവരുടെ ജീവിക്കാനുള്ള

അവകാശത്തിനു നേരെയുള്ള കയ്യേറ്റമാണ്. ഈ അടുത്ത കാലത്തുണ്ടായ ആദിവാസ സമരങ്ങൾ ആത്യന്തികമായി കാടിനെ നശിപ്പിക്കുന്നതിനെതിരായ പ്രതിഷേധങ്ങൾ , കൂടിയാണ്. കടമ്മനിട്ട രാമകൃഷ്ണന്റെ കുറത്തി,കാട്ടാളൻ തുടങ്ങിയ കവിതകൾ നാഗരികന്റെ ക്രൗര്യം മൂലം പരിക്കേറ്റ ആദിമനുഷ്യന്റെ വിലാപങ്ങളും പ്രതിഷേധങ്ങളുമാണ്. ചിത്രീ-കരിക്കുന്നത്.

വനസംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ കുലപതി കെ.എം.മുൻഷി വനമഹോത്സവം ആരംഭിച്ചു. എന്തിനേയും ചടങ്ങാക്കി മാറ്റാൻ സാമർത്ഥ്യമുള്ള നാം അതിനെയും അവിധമാക്കി. നിരവധി വനസംരക്ഷണ നിയമങ്ങൾ നാം നടപ്പിലാക്കിയെങ്കിലും ഇന്നും ചൂഷണങ്ങളും കയ്യേറ്റങ്ങളും നിർബാധം തുടരുന്നു. വനകൊള്ളക്കാരും ഭരണകർത്താക്കളും തമ്മിലുള്ള അവിശുദ്ധമായ കൂട്ടുകെട്ടുകൾ നിത്യസംഭവങ്ങളായി. "വനം ഒരു വരം" എന്ന മന്ത്രം നമ്മുടെ നമ്മുടെ ജീവിതമന്ത്രമായി തിരിച്ചറിഞ്ഞ് വനസംരക്ഷണത്തി-നായി പുതുതലമുറയെങ്കിലും പ്രവർത്തിച്ചു തുടങ്ങേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ഐശ്വര്യ യു.എൽ

7B

ഒരു രാജ്യത്തെ വികസനം അവിടത്തെ വിദ്യാഭ്യാസനിലവാരത്തെ ആശ്രയിച്ചിരിക്കും. ശാസ്ത്രസാങ്കേതിക വിദ്യകളിലെ വൈദഗ്ധ്യം നിർമ്മാണ വികസന പദ്ധതികൾക്ക് ആവശ്യമുള്ളതാണ്. മാനവശേഷി, പ്രത്യേകിച്ച് ബൗദ്ധിക ശേഷി കൂടുതലുള്ള രാജ്യങ്ങളുടെ പുരോഗതി വളരെ വേഗത്തിലാണ്. അതുകൊണ്ട് ദീർഘവീക്ഷണമുള്ള ഭരണകൂടങ്ങൾ വിദ്യാഭ്യാസത്തിനു മുൻഗണന നൽകുന്നു. റവന്യൂ വരുമാനത്തിൽ നല്ലൊരു ഭാഗം വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കു വേണ്ടി മാറ്റി വയ്ക്കാൻ കാരണവും അതുതന്നെ.

വിദ്യയെക്കാൾ പ്രധാനം പണമാണെന്നു വാദിക്കുന്നവരുമുണ്ട്. പണമുണ്ടെങ്കിൽ അറിവും സാങ്കേതിക വിദ്യയും വിലകൊടുത്ത് വാങ്ങാം. വിദ്യാഭ്യാസ പരമായി പിന്നോക്കം നിൽക്കുന്ന ചില അറബ് രാജ്യങ്ങളും യൂറോപ്യൻ രാജ്യങ്ങളും ഏഷ്യൻ,ആഫ്രിക്കൻ രാജ്യങ്ങളും അടിസ്ഥാന സൗകര്യങ്ങൾ വ്യാപിപ്പിക്കുന്നതിനും വ്യാവസായിക അടിത്തറ പാകുന്നതിനുമായി വിദേശ കമ്പനികളെ ആശ്രയിച്ചിരുന്നു. ഈ ആശ്രയം അടിമത്തമാണെന്നു തിരിച്ചറിഞ്ഞ അവർ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും വിദ്യാഭ്യാപരമായി മുൻനിരയിൽ എത്തുകയും ചെയ്തിട്ടുണ്ട്.

ആർഷഭാരത സംസ്കാരം വിദ്യാഭ്യാസത്തിന് അദ്വിതീയ സ്ഥാനം കൽപിച്ചിരുന്നു. മതമാനവിക മൂല്യങ്ങൾക്കു മുൻഗണന നല്കുന്ന വിദ്യാഭ്യാസ സമ്പ്രദായമായിരുന്നു ഭാരതം അവലംബിച്ചത്. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പരമ്പരാഗത ധാരണകൾ ഇന്നു മാറിയിരിക്കുന്നു. പണ്ട് വിദ്യാഭ്യാസമെന്നതുകൊണ്ട് സാക്ഷരത എന്നാണ് കരുതിയിരുന്നത്. അതായത് അക്ഷരങ്ങളും അക്കങ്ങളുമായി പരിചയപ്പെടുക. കൂട്ടി വായിക്കാനും കണക്കു കൂട്ടാനും പഠിക്കുക. മറ്റു വാക്കുകളിൽ ആശയവിനിമയത്തിനും ക്രയവിക്രയത്തിനും കഴിവുള്ളവരാക്കുക. ഇന്നു സാക്ഷരതയ്ക്കു വ്യത്യസ്ത അർത്ഥസൂചനകളുണ്ട്.



ഐശ്വര്യ വർഗ്ഗീസ്

7B

# ബാല്യകാലം

എങ്ങോ മറഞ്ഞു പോയെൻ
ഓർമ്മതൻ താളുകൾ മെല്ലെമെല്ലെ
മറിച്ചു നോക്കീടവേ കാണുന്നു ഞാനെൻ
ഒരിക്കലും തിരിച്ചു വരാത്തൊരെൻ
സുന്ദരസുരഭില ബാല്യകാലം
അറിയാതെൻ മിഴികൾ നിറഞ്ഞിടുന്നു
ഇന്നുമെൻ ബാല്യത്തെ ഓർത്തിടുമ്പോൾ
അറിഞ്ഞിരുന്നില്ല ഞാൻ
ഇത്രമേൽ മോഹനമെൻ ബാല്യമെന്ന്
ഇന്നു ഞാനറിയുന്നു...............
അറിയിച്ചിടുന്നെനെ.............

യാത്രയാം ഈ ജീവിതത്തിൽ
ഉയരങ്ങൾ കീഴടക്കാനായി
വെമ്പുന്ന വേളയിൽ
എന്തിനോ........ഏതിനോ വേണ്ടിയൊരു
യാന്ത്രിക ജീവിതം നയിച്ചിടുമ്പോൾ
അറിയാതെ ഓർക്കുന്നു ഞാനെൻ
ഒരിക്കലും തിരിച്ചുവരാത്ത ബാല്യത്തെ
അത്രമേൽ സുന്ദരമെൻ ബാല്യകാലം
ബാല്യത്തിൽ കരുതിടും
യൗവനം മോഹനമാകുമെന്നു
യൗവനം മോഹനമാണതെങ്കിലും
ബാല്യം അതിമോഹനം എന്നുമെന്നും
യാത്രയാമീ ജീവിതത്തിൽ
പലവഴികൾ താണ്ടിയെങ്കിലും
അറിയാതെ മോഹിച്ചിടുന്നെൻമനം

ഇനിയും തിരിച്ചുവന്നെങ്കിൽ
സുന്ദരസുരഭിലമാം ആ ബാല്യകാലം

ആൽബർട്ട് ബാബു
9A

# അമ്മു മുയലിന്റെ പഠിത്തം

ഒരിക്കൽ ഒരിടത്ത് കൃഷ്ണ പുരം എന്നൊരു രാജ്യം ഉണ്ടായിരുന്നു. കൃഷ്ണപുരത്തിന്റെ തെക്കെ അതിർത്തിയിൽ കൂടെ രാധാ നദി ഒഴുകിയിരുന്നു,നദീതീരത്ത് ഇഷ്ടം പോലെ ഇളം പുല്ലുകൾ വളർന്നു നിന്നിരുന്നു, നദി തീരത്തുള്ള കാട്ടിൽ ഒരുപാട് മൃഗങ്ങൾ ഉണ്ടായിരുന്നു. മാൻ,മുയൽ, കടുവ,സിംഹം അങ്ങനെ ഒരുപാട് മൃഗങ്ങൾ ഉണ്ടായിരുന്നു. ഈ കാട്ടിലാണ് സുന്ദരിയായ അമ്മു മുയൽ അവളുടെ അമ്മയുടെ കൂടെ കഴിഞ്ഞിരുന്നത്. അവൾക്കു ആ കാട്ടിൽ ഒരുപാട് കൂട്ടുകാരും ഉണ്ടായിരുന്നു. മറ്റു മുയൽ കുഞ്ഞുങ്ങൾ എല്ലാം പൊത്തിലൊളിച്ചു കളിക്കുമ്പോൾ അമ്മു മുയൽ കാട്ടിലൂടെ കറങ്ങി നടന്നു. അപ്പോൾ അവളൊരു മാനിനെ കണ്ടു ,എന്ത് വേഗത്തിലാണെന്നോ മാൻ ഓടുന്നത് ,അമ്മു മുയൽ മാനിന്റെ അടുത്ത് ചെന്ന് പറഞ്ഞു"നമസ്കാരം ചേട്ടാ, ചേട്ടൻ എന്ത് വേഗത്തിലാണോടുന്നത്,ഇത്രയും വേഗത്തിലോടാൻ വേറെ ആർക്കും കഴിയില്ല."മറ്റുള്ളവരുടെ കഴിവുകളെ അഭിനന്ദിക്കണമെന്നു അമ്മുവിന്റെ അമ്മ അവൾക്കു പറഞ്ഞു കൊടുത്തിരുന്നു. ആദ്യമായിട്ടാണ് ആരെങ്കിലും മാനിനെ അഭിനന്ദിക്കുന്നതു ,മാനിന് സന്തോഷമായി. അവർ രണ്ടുപേരും കൂട്ടുകാരായി, അമ്മു ചോദിച്ചു "ചേട്ടാ, എന്നെയും ഇങ്ങനെ ഓടാൻ പഠിപ്പിക്കുമോ" മാൻ പറഞ്ഞു -"അതിനെന്താ പഠിപ്പിക്കാമല്ലോ"മാൻ അമ്മുവിനെ വേഗത്തിൽ ഓടാൻ പഠിപ്പിച്ചു. മാനിനോട് യാത്ര പറഞ്ഞു അമ്മു മുയൽ സ്വന്തം മാളത്തിലെത്തി. അപ്പോൾ കൂട്ടുകാർ ചോദിച്ചു"നീ എവിടെ പോയതാ"നടന്നതെല്ലാം അമ്മു പറഞ്ഞു, അപ്പോൾ

കൂട്ടുകാർ അവളെ കളിയാക്കി. അമ്മു പറഞ്ഞു"എല്ലാവരിൽ നിന്നും എന്തെങ്കിലും പഠിക്കാനുണ്ട്"

അടുത്ത ദിവസം മുയൽ യാത്ര ചെയ്യുമ്പോൾ ഒരു തവളയെ കണ്ടുമുട്ടി. തവളയുടെ ഉയരത്തിലുള്ള ചാട്ടം കണ്ട് അമ്മു മുയൽ അമ്പരന്ന് തവളയെ പുകഴ്ത്തി പറഞ്ഞ് തവളയിൽ നിന്ന് ഉയരത്തിലുള്ള ചാട്ടം പരിശീലിച്ചു. അങ്ങനെ അമ്മു ഒരു നല്ല ചാട്ടക്കാരിയായി മാറി. അങ്ങനെ ഓരോ ദിവസവും അമ്മു ഓരോ കാര്യങ്ങൾ പഠിച്ചു.അങ്ങനെ ഒരു ദിവസംഒരു വേടൻ കാട്ടിൽ വന്നു. വളരെയേറെ മൃഗങ്ങൾ വേടന്റെ കൈയിൽ പെട്ടു. ഒടുവിൽ മുയലിന്റെ മാളത്തിന്റെ അടുത്തെത്തി. കൗശലക്കാരിയായ അമ്മു വേടന്റെ മുന്നിൽ ഞൊണ്ടി ഞൊണ്ടി നടന്നു. ഇതിനെ വേഗം പിടിക്കാമെന്ന് വിചാരിച്ച വേടൻ അടുത്തെത്തിയപ്പോൾ അമ്മു കുതിച്ച് പാഞ്ഞു. പിറകെ ഓടിയ വേടന് മാനിനെ പോലെ ഓടുന്ന മുയലിനെ പിടിക്കാൻ സാധിക്കുമോ? ഓടിയോടി മുയൽ ഒരു കുളത്തിന്റെ തീരത്തെത്തി. വേടന് സന്തോഷമായി. അമ്മു കുളത്തിലേക്ക് ചാടി. മുയൽ ആമ്പൽ ഇലകളിൽ ചാടി ചാടി കരയിൽ ചെന്ന് ഇരുന്നു. വേടൻ കുളത്തിലേക്ക് ചാടി. കുളത്തിലെ മീനുകളും തവളകളും വേടനെ കടിച്ച് ശരിപ്പെടുത്തി. പിന്നീടൊരിക്കലും ആ വേടൻ ആ വഴി വന്നിട്ടില്ല. എല്ലാവരെയും രക്ഷിച്ച മുയലിനെ മുയലുകളുടെ രാജാവാക്കി.

## സൗഹൃദത്തിന്റെ ശക്തി

അവലംബം: പഞ്ചതന്ത്രം കഥകൾ

കാട്ടിലെ തടാകക്കരയിൽ ഒരു ആമയും എലിയും കാക്കയും ഒരുമിച്ച് ജീവിച്ചിരുന്നു. ഒരിക്കൽ അവർ മര തണലിൽ വിശ്രമിക്കുമ്പോൾ ഭയന്നു വിരണ്ട ഒരു മാൻ അവിടേക്ക് ഓടിവന്നു. മാനിന്റെ വരവ് കണ്ടപ്പോൾ മൂന്ന് സുഹൃത്തുക്കളും ഭയന്നു പോയി. എലിമാളത്തിലും കാക്ക മരക്കൊമ്പിലും കയറി രക്ഷപ്പെട്ടു. ആമ തടാകത്തിലേക്കും ചാടി.

കുറച്ചു കഴിഞ്ഞപ്പോൾ മാൻ ഒരു അപകടകാരിയായ ജീവിയല്ലെന്നു കാക്കയ്ക്ക് മനസ്സിലായി. അവൻ കൂട്ടുകാരെ വിളിച്ചുകൂട്ടി. "വേട്ടക്കാരെയോ ക്രൂര മൃഗങ്ങളെയോ ഒന്നും കാണുന്നില്ലല്ലോ?. എന്തിനെയാണ് നിങ്ങൾ ഭയക്കുന്നത്? കാക്ക മാനിനോട് ചോദിച്ചു കുറേ വേട്ടക്കാർ വനത്തിൽ തമ്പടിച്ചിട്ടുണ്ട്. അവർ ഈ തടാകക്കരയിലേക്ക് വരാനാണ് സാധ്യത. അവരുടെ വർത്തമാനത്തിൽ നിന്ന് ഞാൻ മനസ്സിലാക്കിയതാണ്",മാൻ പറഞ്ഞു. അതു കേട്ടു ഭയന്നു. "അയ്യോ, എങ്കിൽ ഞാനിവിടെ നില്ക്കുന്നില്ല. എങ്ങോട്ടെങ്കിലും ഓടി രക്ഷപ്പെടട്ടെ..........."

ആമ പുറപ്പെടാൻ തയ്യാറെടുത്തു. പക്ഷേ ,കാക്ക അവനെ തടഞ്ഞു. "നീ എങ്ങോട്ടാണ് ഓടിപ്പോകുന്നത്?. നിനക്ക് വേഗതയില്ലാത്തതു കൊണ്ട് അത്ര പെട്ടെന്നു ശത്രുക്കളുടെ കൈയിൽ നിന്ന് രക്ഷപ്പെടാൻ കഴിയില്ല. നീ ധൈര്യമായിരിക്ക്, നിനക്ക് ഒരു അപകടവും വരാതെ ഞങ്ങൾ നോക്കിക്കൊള്ളാം". കാക്ക പറഞ്ഞു.

"ഭയം കൊണ്ട് ജന്മസ്ഥലം ഉപേക്ഷിച്ച് പോകുന്നത് ശരിയല്ല. മാത്രമല്ല, അന്യസ്ഥലത്ത് നിന്നെ സഹായിക്കാൻ സുഹൃത്തുക്കളാരും ഉണ്ടായിരിക്കുകയുമില്ല. അതുകൊണ്ട് നീ എങ്ങും പോകണ്ട,". എലിയും ആമയും ഉപദേശിച്ചു പക്ഷേ ആമ അതു ചെവിക്കൊള്ളാൻ തയ്യാറായില്ല. അവൻ ഉടൻ തന്നെ അവിടം വിട്ട് യാത്രയായി. ഈ സമയം അവിടേക്ക് ഒരു നായാട്ടുക്കാരൻ വന്നു. അയാൾ ഇഴഞ്ഞ് പോകുന്ന ആമയെ പിടികൂടി തന്റെ സഞ്ചിയിലാക്കി. "നമ്മൾ ഇനി എന്തു ചെയ്യും? ആമയുടെ ജീവൻ അപകടത്തിലായതു തന്നെ,"കാക്ക എലിയോടു പറഞ്ഞു-"ഒരു നിമിഷം ഞാനൊന്ന് ആലോചിക്കട്ടെ......" എലി ഒരു നിമിഷം ആലോചിച്ചു. "ഞാനൊരു പദ്ധതി പറയാം".എലി തന്റെ പദ്ധതി വിവരിച്ചു. മാനിനും കാക്കയ്ക്കും അത് ഇഷ്ടമായി. മാൻ നായാട്ടുക്കാരൻ പോകുന്ന വഴിയിൽ ചത്തതുപോലെ കിടന്നു. കാക്ക മാനിന്റെ പുറത്ത് ചെന്നിരുന്ന് ശവത്തിൽ കൊത്തുന്നതുപോലെ അതിന്റെ ചെവിയിലും കണ്ണിലുമൊക്കെ കൊത്താൻ തുടങ്ങി.

അതുവഴി വന്ന നായാട്ടുക്കാരൻ മാനിനെ കണ്ടു. അയാൾക്ക് സന്തോഷമായി. അയാൾ സഞ്ചി നിലത്തിട്ടിട്ട് മാനിന്റെ അരികിലേക്ക് ചെന്നു. നായാട്ടുകാരനെ പിന്തുടരുകയായിരുന്ന എലി സഞ്ചി കടിച്ചു മുറിച്ച് ഇതിനകം ആമയെ രക്ഷപ്പെടുത്തി . മാനിന്റെ അടുത്തു ചെന്ന നായാട്ടുകാരന് അതിനെ തൊടാൻ കഴിയും മുമ്പ് അത് ചാടിയെഴുന്നേറ്റ് പാഞ്ഞു. നിരാശനായ നായാട്ടുകാരൻ സഞ്ചിയെടുക്കാൻ തിരികെ ചെന്നു.

പക്ഷേ അതും ശൂന്യമായിരുന്നു. അയാൾ അവിടെ മുഴുവൻ തിരഞ്ഞെങ്കിലും ആമയെ കണ്ടെത്താനായില്ല. നായാട്ടുകാരൻ ദുഃഖിതനായി വെറും കൈയോടെ മടങ്ങി. താമസിയാതെ മാനും ആമയും കാക്കയും എലിയും തടാകക്കരയിൽ ഒത്തുചേർന്നു."എനിക്ക് ഇപ്പോഴാണ് സുഹൃത്തുക്കളുടെ വില മനസ്സിലായത്. ഇനി ഞാൻ നിങ്ങളെ വിട്ട് എങ്ങും പോവില്ല"-ആമ പറഞ്ഞു. പിന്നീടുള്ള കാലം അവർ നാലു പേരും തടാകക്കരയിൽ പരസ്പരം സഹായിച്ച് സന്തോഷത്തോടെ ജീവിച്ചു.

എൽന തോമസ്

8C

ദുഃഖിതയുടെ പാതകൾ

എൻ മനസ്സിലെപ്പോഴും നിറകുടമായ് നിൽക്കുന്നു അമ്മ
സ്നേഹം ദയാദിതൻ ശാഖയായ് നിൽക്കുന്നു അമ്മ
ഓരോരോ നിമിഷങ്ങൾ മായാതെ നിൽക്കുന്നു
എൻ മനസ്സിലെപ്പോഴും മാതൃത്വത്തിജീവനം

ഭർതൃബന്ധത്തിന്റെ ക്രൂരമാം പീഡനം
അമ്മതൻ മനസ്സിൽ വെമ്പലായി നിൽക്കുന്നു
മകനെക്കുറിച്ചുള്ള ആകുലചിന്തയും
ഭാവിയെ സംബന്ധമായതിൻ വെമ്പലും
അലട്ടുന്നു അമ്മതൻ മനസ്സിൽ
എന്നും അലട്ടുന്നു നിർജീവമനസ്സിൽ

ഭൂതകാലത്തിലൊരു പ്രണയത്തിൽപ്പെട്ടവൾ
വീടും കുടിയും ഉപേക്ഷിച്ച ആ ജീവൻ
ഭർതൃബന്ധത്തിന്റെ ആഴവുമേന്തി
ക്രൂരമാം പീഡനം ജീവിച്ചു പോരാടി
മകനുണ്ട് തോളിലായി അവൾക്ക്
എന്നും മകനുണ്ട് നിഴലായ് അവൾക്ക്

വർത്തമാനത്തിലിതാ ഏകാകിയായവൾ
ജീവിക്കുന്നു തൻ മകനുവേണ്ടി
ഭർതൃബന്ധം പൊലിഞ്ഞവൾ ജീവിക്കുന്നു
എൻ നിഴലായി ജീവിച്ച മകനുവേണ്ടി

ഭാവികാലത്തിലൊരു പ്രണയത്തിലകപ്പെട്ട്
മകനും അമ്മയെ ഏകാകിയാക്കുന്നു

ഭാവിയും ഭൂതവും വർത്തമാനവുമെല്ലാം
നീങ്ങുന്ന കാലങ്ങൾ നീങ്ങുന്ന ബന്ധങ്ങൾ
മനസ്സിലൊരു വെമ്പലായി പോരാടി ജീവിച്ച
ഏകാന്ത നിഴലിലകപ്പെട്ട ആ അമ്മ

നിർജീവ കണ്ണുകൾ നിർജീവമായ്
നിർജീവ മനസ്സുകൾ നിർജീവമായ്
യാത്രയായി അവർ യാത്രയായി
അന്ത്യം കുറിക്കാതെ കുറിക്കുന്ന പോരാട്ടം
ലക്ഷക്കണക്കിന് മാതൃത്വ പോരാട്ടം

അമ്പാടി ടി.എ
10

# കടപ്പാട്

കംപ്യൂട്ടറിലെ കാവ്യത്തിന വേണ്ടി പ്രവർത്തി-ച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ എല്ലാ സഹപാഠികളെയും പ്രത്യേകിച്ച് ബിന്ദു ടീച്ചർ-ക്കും പാർവതി ടീച്ചർക്കും ജോസഫ് സാറിനും ബഹുമാനപൂർവം നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു

